## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4608** **19-03-2025 - ൽ മറുപടിയ്ക്ക്**

## പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനംവകുപ്പ് നടപ്പിലാക്കുന്ന പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ബഹു. മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡിന്റെ 23/10/2024 ന് നടന്ന നാലാമത് മീറ്റിങ്ങിൽ "പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം" എന്ന പദ്ധതിക്ക് അംഗീകാരം നൽകി. സംസ്ഥാനത്ത് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന, വന്യജീവി സംഘർഷങ്ങൾ മുഖേനയുള്ള മരണങ്ങളിൽ ഭൂരിഭാഗവും പാമ്പുകടിയേറ്റുള്ള മരണങ്ങളാണ് എന്നതാണ് ഇത്തരത്തിൽ ഒരു പദ്ധതിക്ക് പ്രേരണയായത്. പാമ്പുകൾ മൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി 2020 ആഗസ്റ്റിലാണ് വനം വകുപ്പ് ശ്രമങ്ങളാരംഭിച്ചത്. അതിന്റെ ഭാഗമായി പാമ്പുകളെ പിടിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിൽ വരുത്തുകയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സുരക്ഷിതമായി റെസ്ക്യൂ ചെയ്യുന്നതിനുള്ള പരിശീലനം വോളന്റീയർമാർക്കായി സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കുകയും SARPA എന്ന മൊബൈൽ ആപ്ലിക്കേഷൻ രൂപകല്പന ചെയ്യുകയും ചെയ്തു. ഈ ഉദ്യമങ്ങളിലൂടെ 2019 ൽ പാമ്പുകടിയേറ്റ് 123 മരണങ്ങളുണ്ടായ അവസ്ഥയിൽ നിന്നും 2024 ൽ 30 മരണങ്ങളായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും പാമ്പുകടിമൂലമുള്ള മരണം പൂർണ്ണമായും ഒഴിവാക്കുന്നതിന് നിരവധി വകുപ്പുകളുടെ ഏകോപനവും സജീവമായ ഇടപെടലും ആവശ്യമാണ്.<br>ഈ ആശയം മുൻനിർത്തിയാണ് "പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം" എന്ന പദ്ധതി തുടക്കംകുറിച്ചത്. പാമ്പുവിഷബാധയേറ്റുള്ള മരണങ്ങൾ അഞ്ചുവർഷം കൊണ്ട് പൂർണ്ണമായും ഇല്ലാതാക്കുക, ആദ്യ രണ്ടു വർഷത്തിൽ മരണനിരക്ക് നിലവിലുള്ളതിന്റെ പകുതിയായി കുറയ്ക്കുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. SDMA, വനം, ആരോഗ്യം, തദ്ദേശ സ്വയംഭരണം, റവന്യൂ, മൃഗസംരക്ഷണം, വിദ്യഭ്യാസം എന്നീ വകുപ്പുകളാണ് ഈ ലക്ഷ്യപ്രാപ്തിക്കായുള്ള |

| | | | |
|---|---|---|---|
| | | | പ്രധാന സഹായക വകുപ്പുകൾ. 23/10/2024 നു ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് യോഗം പദ്ധതി അംഗീകരിക്കുകയും മറ്റു വകുപ്പുകളുമായി സഹകരിച്ച് കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ സംസ്ഥാന വന്യജീവി ബോർഡ് മെമ്പർ സെക്രട്ടറി കൂടിയായ ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തുകയും ചെയ്തു. |
| (ബി) | പാമ്പുകളെ പിടികൂടുന്നതിന് ഇതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പാമ്പിനെ പിടികൂടുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | പാമ്പുകളെ പിടികൂടുന്നതിന് ഇതുവരെ 5343 പേർക്ക് പരിശീലനം നൽകുകയും അതിൽ 3072 പേർക്ക് പാമ്പിനെ പിടികൂടുന്നതിനുള്ള ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ